പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2512 **27-10-2026-ൽ മറുപടിയ്ക്ക്**

സഹകരണ സംഘങ്ങളിൽ പൊതു സോഫ്റ്റ്വെയർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. പ്രേംകുമാർ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) സഹകരണ സംഘങ്ങളിൽ പൊതു സോഫ്റ്റ്വെയർ നടപ്പാക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 34എ ചട്ടം 29(3) പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇത് നടപ്പാക്കാൻ വരുന്ന കാലതാമസം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

മറുപടി: സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനുമായി സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. മുൻ സർക്കാരിന്റെ കാലത്ത് യൂണിഫോം സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് 08.10.2025-ലെ G.O.(Rt) No.433/2025/Co-Op നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ Request for Proposal (RFP) തയ്യാറാക്കി 03.11.2025-ന് e-tender website-ൽ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത ടെൻഡർ നടപടികൾ ചോദ്യം ചെയ്തുകൊണ്ട് ബഹു. ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്.

ടെൻഡർ നടപടികൾ ചോദ്യം ചെയ്തുകൊണ്ടുള്ള കേസുകളിൽ, ടെൻഡർ വിജ്ഞാപനവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കാനോ ടെൻഡർ അന്തിമമാക്കാനോ പാടില്ലായെന്ന ബഹു. ഹൈക്കോടതി ഇടക്കാല പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ മേഖലയുടെ വർദ്ധിച്ചു വരുന്ന ആവശ്യങ്ങൾ പരിഗണിച്ചു ടെൻഡർ നടപടികൾ പുനരവലോകനം ചെയ്യുന്നതിനെക്കുറിച്ച് സർക്കാർ പരിഗണിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ